# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4523 — 25.06.2019 -ൽ മറുപടിയ്ക്ക്

## സ്കൂൾ യൂണിഫോം വിതരണം

ചോദ്യം — ഉത്തരം

**ശ്രീ.ടി. വി. ഇബ്രാഹിം** — പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

എ) ഈ അദ്ധ്യയന വർഷത്തെ സ്കൂൾ യൂണിഫോം വിതരണത്തിന്റെ പുരോഗതി അറിയിക്കാമോ; ഏതെല്ലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കാണ് യൂണിഫോം തുണി നേരിട്ട് നൽകുന്നത്;

എ) 2019-20 വർഷത്തെ കൈത്തറി യൂണിഫോം വിതരണം ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്. ഈ അദ്ധ്യയന വർഷം പുതിയതായി അഡ്മിഷൻ എടുത്ത കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം വിതരണം തുടങ്ങിയിട്ടില്ല. സർക്കാർ മേഖലയിൽ 1-4, 1-5, 1-7, 5-7 എന്നിങ്ങനെയും എയ്ഡഡ് മേഖലയിൽ 1-4 എന്നിങ്ങനെയും സ്വതന്ത്രമായി പ്രവർത്തിക്കുന്ന എൽ.പി.,യു.പി. സ്കൂളുകളിലാണ് യൂണിഫോം തുണി നേരിട്ട് വിതരണം ചെയ്യുന്നത്.

ബി) ഏതെല്ലാം കുട്ടികൾക്കാണ് യൂണിഫോം വാങ്ങുന്നതിന് പണം നൽകുന്നത് എന്ന കാര്യം അറിയിക്കാമോ; യൂണിഫോം തുണി നേരിട്ട് നൽകുമ്പോൾ ലോവർ പ്രൈമറി, അപ്പർ പ്രൈമറി ക്ലാസ്സുകളിലെ ഒരു ആൺകുട്ടിക്കും, പെൺകുട്ടിക്കും നിശ്ചയിച്ചിട്ടുള്ള തുണിയുടെ അളവ് എത്രയെന്ന് അറിയിക്കാമോ;

ബി) കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിലെ ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് യൂണിഫോം വാങ്ങുന്നതിന് പണം അനുവദിക്കുന്നത്. യൂണിഫോം തുണി വിതരണം ചെയ്യുന്ന സ്കൂളുകളിൽ കുട്ടികൾക്ക് നൽകുന്ന യൂണിഫോമിന്റെ (ഒരു എണ്ണം) അളവ് (മീറ്ററിൽ) ചുവടെ ചേർക്കുന്നു.

ആൺകുട്ടികൾ

| ക്ലാസ്സ് | ഷർട്ട് | ഷോർട്ട്സ് | പാന്റ്സ് |
|---|---|---|---|
| 1 | 1.0 | 0.5 | - |
| 2 | 1.0 | 0.5 | - |
| 3 | 1.1 | 0.6 | - |
| 4 | 1.2 | 0.6 | - |
| 5 | 1.25 | - | 1.1 |
| 6 | 1.25 | - | 1.2 |
| 7 | 1.25 | - | 1.2 |

പെൺകുട്ടികൾ

| ക്ലാസ്സ് | ഷർട്ട് | പാവാട | ഓവർകോട്ട് |
|---|---|---|---|
| 1 | 1.0 | 1.0 | - |
| 2 | 1.0 | 1.0 | - |
| 3 | 1.1 | 1.2 | - |
| 4 | 1.2 | 1.2 | - |
| 5 | 1.2 | 1.2 | 0.5 |
| 6 | 1.2 | 1.3 | 0.5 |
| 7 | 1.5 | 1.5 | 0.6 |

സി) എൽ.പി. വിഭാഗത്തിൽ ഹാഫ് ട്രൗസറിനുള്ള തുണി മാത്രം (50 സെ.മീ. ) നൽകുന്നത് മൂലം കുട്ടികൾക്ക് പ്രയാസമുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും ഇപ്രാവശ്യവും ആ രീതി തുടരാൻ തീരുമാനിച്ചതിന്റെ കാരണം അറിയിക്കാമോ;

സി) ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിൽ ഹാഫ് ട്രൗസറിന് നൽകുവാനുള്ള തുണി മാത്രമേ ഇത്തവണയും ഉല്പാദിപ്പിച്ചിട്ടുള്ളു.

ഡി) നേരിട്ട് വിതരണം ചെയ്യുന്ന യൂണിഫോം തുണി കേരളത്തിൽ എവിടെ നിന്നെല്ലാം ആണ് വാങ്ങിയത്; കേരളത്തിന് പുറത്ത് നിന്ന് വാങ്ങിയിട്ടുണ്ടോ;എങ്കിൽ എവിടെ നിന്നെല്ലാമാണെന്ന് അറിയിക്കാമോ;

ഇ) സർക്കാർ നേരിട്ടാണോ ഏതെങ്കിലും ഏജൻസി വഴിയാണോ തുണികൾ വാങ്ങിയത് ; പർച്ചേസ് രീതി അറിയിക്കാമോ;

ഡി) & ഇ) കൈത്തറി യൂണിഫോം തുണി നിർമ്മാണവും വിതരണവും സംസ്ഥാന കൈത്തറി വകുപ്പ് മുഖേനയാണ് നടപ്പിൽ വരുത്തുന്നത്.

എഫ്) നേരിട്ട് വിതരണം ചെയ്യുന്ന തുണികൾക്ക് ഒരു മീറ്ററിന് എത്ര രൂപ നിരക്കിലാണ് സർക്കാർ വാങ്ങിയത്;

ഇതിന് ആകെ എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ; നേരിട്ട് തുണി നൽകുന്നതിന് പകരം പണം സ്കൂൾ വഴി നൽകുമ്പോൾ വിവിധ ക്ലാസ്സുകളിലെ

കുട്ടികൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് അറിയിക്കാമോ;

എഫ്) കൈത്തറി യൂണിഫോം തുണി നിർമ്മാണം സംസ്ഥാന കൈത്തറി വകുപ്പാണ് നടത്തിവരുന്നത്.ഈ അദ്ധ്യയന വർഷത്തെ യൂണിഫോം വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ആകെ വിതരണം ചെയ്ത തുണിയുടെ അളവും ഒരു മീറ്ററിന് വരുന്ന ചെലവും കണക്കാക്കാൻ സാധിക്കൂ. യൂണിഫോം വാങ്ങുന്നതിന് സ്കൂളുകൾക്ക് പണം നൽകുമ്പോൾ ഒരു കുട്ടിക്ക് 600/- രൂപ നിരക്കിലാണ് ഈ വർഷം നൽകുന്നത്.

| | | | |
|---|---|---|---|
| ജി) | എത്ര കുട്ടികൾക്കാണ് ഇപ്രകാരം പണം നൽകുന്നത്; യൂണിഫോം നേരിട്ട് തുണിയായി എത്ര കുട്ടികൾക്കാണ് ഈ വർഷം നൽകുന്നത് ; ഒരു കുട്ടിക്ക് ശരാശരി എത്ര രൂപയാണ് തുണിവാങ്ങാൻ ചെലവഴിക്കുന്നത്; വിശദമാക്കാമോ ? | ജി) | ഈ അദ്ധ്യയനവർഷത്തെ യൂണിഫോം വിതരണം പൂർത്തിയാക്കുന്ന മുറയ്ക്കേ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ